"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.സണ്ണി സെറാഫിന്റെ പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ മുൻകാല സേവനം നഷ്ടമാകാതെ പഞ്ചായത്ത് വകുപ്പിൽ നിന്ന് വിടുതൽ ചെയ്തതു മുതൽ തിരികെ പഞ്ചായത്ത് വകുപ്പിൽ പ്രവേശിച്ചതു വരെയുള്ള കെ.എസ്.എഫ്.ഇ ലെ സേവന കാലയളവ് ക്രമീകരിച്ച കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ തിരുത്തൽ വരുത്തി-ഭേദഗതി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1212/2022/LSGD തീയതി,തിരുവനന്തപുരം, 13-05-2022

---

പരാമർശം:- 1. സ.ഉ(സാധാ)നം.661/22/തസ്വഭവ, തീയതി 18.03.2022

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ . സണ്ണി സെറാഫിന്റെ പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ മുൻകാല സേവനം നഷ്ടമാകാതെ പഞ്ചായത്ത് വകുപ്പിൽ നിന്ന് വിടുതൽ ചെയ്തതു മുതൽ തിരികെ പഞ്ചായത്ത് വകുപ്പിൽ പ്രവേശിച്ചതു വരെയുള്ള കെ . എസ് . എഫ് . ഇ ലെ സേവന കാലയളവ് ക്രമീകരിച്ച കൊണ്ട് പുറപ്പെടുവിച്ച സൂചന (1) ഉ ത്തരവിലെ മൂന്നാം ഖണ്ഡിക ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.സണ്ണി സെറാഫിൻ നിയമനാധികാരിയുടെ അനുമതിയോടെയല്ല KSFE ലെ ജോലിയ്ക്ക് അപേക്ഷിച്ചതെന്ന് വ്യക്തമാക്കിയിരിക്കുന്നതിനാൽ പുനഃപ്രവേശനത്തിന് തന്നെ അർഹതയില്ലായിരുന്നു. എന്നാൽ ശ്രീ. സണ്ണി സെറാഫിൻ തിരികെ പ്രവേശിച്ചതിനാൽ സൂചന ( 1 ) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമേ ടിയാനെ പരിഗണിക്കാൻ കഴിയൂ. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ടു വർഷത്തിനകം തിരികെ പ്രവേശിച്ചതിനാലും പഞ്ചായത്ത് വകുപ്പിലെ മുൻകാല സർവ്വീസ് നഷ്ടമാകാതെയും 17.08.2017 മുതൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നത് വരെയുള്ള കാലയളവ് (കെ.എസ്.എഫ്.ഇ ലെ സേവന കാലയളവ് (17.08.2017 മുതൽ 04.02.2019 വരെ) ഒരു സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പരാമർശിത ഉത്തരവ് മേൽ തിരുത്തോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, വേങ്ങര ഗ്രാമപഞ്ചായത്ത്. മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ.സണ്ണി സെറാഫിൻ, സീനിയർ ക്ലാർക്ക്, വേങ്ങര ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്( 22.02.2022 ലെ ഉപദേശ-ബി2/81/20/ഉഭപവ നമ്പർ കുറിപ്പ് പ്രകാരം)

ധന കാര്യ വകുപ്പ്(21.12.2021 ലെ ധെവ-1/2/20/ധന നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്(വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (236/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 16-05-2022 11:51:15

സെക്ഷൻ ഓഫീസർ